## മർത്തമറിയം വനിതാസമാജം നവതി വർഷം

അഖില മലങ്കര മർത്തമറിയം വനിതാസമാജത്തിന്റെ ലീഡർഷിപ്പ് ട്രെയിനിങ്ങും സമാജത്തിന്റെ നവതി ഉൽഘാടനവും 2018 ഫെബ്രുവരി 10,11 തീയ്യതികളിൽ ഗുജറാത്തിലെ ബറോഡയിലെ മാർ ഗ്രീഗോറിയോസ് ഓർത്തോഡോക്സ് വലിയ പള്ളിയിൽ നടന്നു. സെൻറ് മേരീസ് കത്തീഡ്രലിൽ നിന്നും ശ്രീമതി സുഷമ ജോസഫ് സമാജത്തിന്റെ പ്രതിനിധിയായി പങ്കെടുത്തു.

സമാജാംഗങ്ങൾ 10-ാം തീയ്യതി രാവിലെ 5 amനു ബറോഡ(വഡോദര)യിൽ എത്തിച്ചേർന്നു. ഇന്ത്യയിലെ 30 ഭദ്രാസനങ്ങളിൽ നിന്നും 275 പ്രതിനിധികൾ പങ്കെടുത്തു. സമാജം പ്രസിഡൻറ് അഭി. യൂഹാനോൻ മാർ പോളികാർപ്പ്സ് , ചെങ്ങന്നൂർ ഭദ്രാസനത്തിലെ അഭി. തോമസ് മാർ അത്താനാസിയോസ്, അഹമ്മദബാദ് ഭദ്രാസനത്തിലെ അഭി. ഡോ. ഗീവർ ഗീസ് മാർ യൂലിയോസ് എന്നീ തിരുമേനിമാർ, നേതൃത്വ പരിശീലന ത്തിനും നവതി ഉൽഘാടനത്തിനും നേതൃത്വം നൽകി.

10-ാം തീയ്യതി സമാജത്തിലെ വനിതകൾക്കുവേണ്ടി മൂന്ന് നേതൃത്വ പരിശീലന ക്ളാസുകൾ നടത്തി. ഗായക സംഘം അതിമനോഹരമായ സ്വാഗതഗാനം ആലപിച്ചു എല്ലാവരെയും സ്വാഗതം ചെയ്തു.

"Christian women Leadership – Challenges & Responsibilities" എന്ന വിഷയത്തെ ആസ്പദമാക്കി നാഗപ്പൂർ സെമിനാരിയിലെ Rev. Fr.ബിജേഷ് ഫിലിപ്പ് ക്ലാസ് എടുത്തു. സ്ത്രീകളുടെ സംരക്ഷണത്തിന്റെ ചുമതല, സാഹോദര്യം, സൗന്ദര്യം ഇവയെക്കുറിച്ചു അച്ചൻ വിവരിച്ചു. വിശുദ്ധ യോഹന്നാന്റെ സുവിശേഷം 7-ാം അദ്ധ്യായം ആസ്പദമാക്കി നമ്മുടെ പ്രവർത്തികളിൽ നിന്നും ജീവജല നദികൾ ഒഴുകണമെന്നും അനുഗ്രഹങ്ങൾ വർദ്ധിപ്പിക്കുന്ന നേതൃത്വം ആന്തരിക രക്തസാക്ഷ്യത്തിലൂടെ രൂപപ്പെടുത്തണം എന്നും വിശദീകരിച്ചു. വി.മാതാവിനെ പോലെ എല്ലാം ഹൃദയത്തിൽ സംഗ്രഹിക്കാൻ കഴിയണമെന്നും ഉൽബോധിപ്പിച്ചു.

രണ്ടാമത്തെ ക്ലാസ് "Christian women Leadership in the church" എന്നതായിരുന്നു. നാഗപ്പൂർ സെമിനാരിയിലെ അദ്ധ്യാപികയായ ശ്രീമതി മേഴ്സി ജോൺ ആണ് ക്ലാസ് എടുത്തത്. മൂന്നാമത്തെ ക്ലാസ് നവതി പ്രോജക്ടിനെ പറ്റിയായിരുന്നു. ജനറൽ സെക്രട്ടറി ശ്രീമതി പ്രൊ.മേരി മാത്യു ആണ് ക്ലാസ്സെടുത്തത്. ആദ്യത്തെ സമാജം നടത്തിയത് വി.മറിയയും എലിസബത്തും കൂടിയായിരുന്നു. വി.ലൂക്കോസിന്റെ സുവിശേഷം ഉദ്ധരിച്ചു അമ്മയുടെ പ്രത്യേകതകളും ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് നേതൃത്വത്തിലുള്ളവർക്കു വേണ്ട ഗുണങ്ങളെപ്പറ്റി പറഞ്ഞു.

11-02-2018, ഞായറാഴ്ച വിശുദ്ധ കുർബ്ബാനക്ക് ശേഷമായിരുന്നു നവതി ഉൽഘാടനം. Rev.Fr.ജോജി ജോർജ് സ്വാഗതം പറഞ്ഞു. പോളികാർപ്പസ് തിരുമേനി സമാജാംഗങ്ങളെ അഭിസംബോധന ചെയ്തു. അത്താനാസിയോസ് തിരുമേനി ദീപം തെളിയിച്ചു. അഭി. ഡോ. ഗീവർ ഗീസ്സ് മാർ യൂലിയോസ് അനുഗ്രഹവചനങ്ങൾ തന്നു അനുഗ്രഹിച്ചു. തുടർന്നു അഹമ്മദാബാദ് ഭദ്രാസനത്തിലെ 90 സമാജാംഗങ്ങൾ ക്രിസ്തീയ വനിതകളുടെ പരമ്പരാഗതമായ വെള്ള മുണ്ടും ചട്ടയും കസവ് നേര്യതും അണിഞ്ഞു കത്തിച്ച മെഴുകുതിരികളുമായി പള്ളിയിൽ പ്രവേശിച്ചു. വനിതാസമാജം 90 വർഷം പൂർത്തിയാക്കിയതിന്റെ ഓർമ്മക്കായിരുന്നു ഇത്.

സമാജത്തിന്റെ ആദ്യത്തെ യോഗം കൂടിയതു 1104 ഇടവം 15-ാം തീയ്യതി (1928) കവിയൂർ സ്ലീബാ പള്ളിയിൽവെച്ചു മാർ ഈവാനിയോസ് മെത്രാപ്പോലീത്തായാൽ നിയമിതനായ ഫാദർ ബർസ്കീപ്പയുടെ നേതൃത്വത്തിൽ ആയിരുന്നു. മർത്തമറിയം വനിതാസമാജം എന്ന് നാമകരണം ചെയ്യുകയും, സ്ലീബപള്ളി വികാരി ഫാ.എം.സി. കുറിയാക്കോസ് പ്രസിഡൻറായും, ശ്രീമതി കെ.എം. അന്നമ്മ ജനറൽ സെക്രട്ടറി ആയും തെരഞ്ഞെടുക്കപ്പെട്ടു.

അടുത്തവർഷം പത്തു ശാഖകൾ കൂടെ ഉണ്ടായി. പിന്നീട് സമാജത്തിന്റെ ആദർശവാക്യമായി പ്രാർത്ഥിക്കുക. പ്രവർത്തിക്കുക, പ്രകാശിക്കുക എന്നും നിശ്ചയിച്ചു. പരിശുദ്ധ സൂന്നഹദോസ് അംഗീകരിച്ച ഭരണഘടനയും സമാജം സ്വീകരിച്ചു. ദൈവം ചെയ്ത നന്മകൾക്കായി എന്നും നന്ദിയുള്ളവരായിരിക്കണം എന്ന് ഉൽബോധിപ്പിച്ചുകൊണ്ട് നവതി ഉൽഘാടനം നിർവ്വഹിക്കപ്പെട്ടു. രണ്ടു ദിവസത്തെ പ്രവർത്തനങ്ങളുടെ അവലോകനം, സമാജാംഗങ്ങൾ തമ്മിലുള്ള ഇടപഴകൽ, കൃതജ്ഞത പ്രകടനം എന്നിവയ്ക്കുശേഷം നടപടികൾ സമാപിച്ചു. അഭിവന്ദ്യ തിരുമേനിമാർ എല്ലാവരേയും ആശീർവ്വദിച്ചു, യോഗം പൂർണ്ണമായി എന്നറിയിച്ചു. ■

*(തയ്യാറാക്കിയത് ശ്രീമതി സുഷമ ജോസഫ്)*

*(എഡിറ്റോറിയൽ തുടർച്ച)*

കണ്ണുകളിലേക്കു നോക്കി നിന്നു.സന്യാസിക്ക് അത് ശരിയാണെന്നു സമ്മതിക്കേണ്ടിവന്നു.അടുത്തുള്ള കൂട്ടുകാരനിലേക്കുള്ള ദൂരമാണ് സ്വർഗ്ഗത്തിലേക്കെന്ന്. നമ്മുടെ ഈ കാഴ്ച്ചപ്പാടായിരിക്കും നമ്മെ ഏതു പ്രവർത്തിക്കും തെരഞ്ഞെടുക്കുമ്പോൾ ദൈവം കണക്കാക്കുക ■

### പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area)**
**04-03-2018 - 4 pm**
**ശ്രീ.ജോർജ് തോമസ്**
സി .3 ശരണ്യ അപ്പാർട്ട്മെന്റ്
പുതിയ റോഡ് . എൽ.എഫ്.സി റോഡ്
കലൂർ, കൊച്ചി 17. ഫോൺ: 9544329154

**St. Marys Unit (Central Area)**
**11-03-2018 - 4 pm**
**ശ്രീ. അലക്സാണ്ടർ കുര്യൻ.പി**
ടി.ഡി.റോഡ് , കൊച്ചി :11
ഫോൺ : 9847260486, 4027782

*(ഇടയലേഖനം തുടർച്ച)*

കിട്ടാൻ, എതിരാളികളെ വകവരുത്തുന്നത്, ഏതു ആദ്ധ്യാത്മീകതയുടെ പേരിലാണോ എന്തോ?. മനുഷ്യർക്കു നിലക്കാത്ത ജീവൻ നൽകാൻ, സ്വയം ബലിയായിത്തീർന്ന, ക്രിസ്തുവിന്റെ അനുയായികൾ, അന്യന്റെ ജീവൻ അപഹരിക്കുന്നത്, അസഹ്യമാണ്. ശത്രുവിനോട് എങ്ങിനെയൊക്കെ പെരുമാറണമെന്ന് വിശദമായി പഠിപ്പിച്ച ലോകരക്ഷകനെ "സംരക്ഷിക്കാനാ"യിരിക്കുമോ ഇതെല്ലാം?.വിശ്വാസ സംരക്ഷണത്തിന്റെ, അന്യനെ ആക്രമിക്കുന്നത്, പൈശാചിക വിളയാട്ടം തന്നെയാണ്. അത്തരം "വിശ്വാസം" വിശ്വാസമല്ല കാപാലികമാണ്. സഭകളുടെ ഉത്തരവാദിത്തം, മാനവസേവനവും, സമാധാന പാലനവും അല്ലെങ്കിൽ പിന്നെ മറ്റെന്താണ്. നിലമറക്കുന്ന തെറ്റായ രാഷ്ട്രീയ ശൈലികളെക്കാൾ നീതിയുള്ളവരായി യഥാർത്ഥ "വിശ്വാസികൾ" നിലകൊള്ളേണ്ടതല്ലേ?. ■




Editorial Board : K.K. George (94470 40484), Mathew Koshy, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 12 ISSUE : 03 MARCH 2018

## എഡിറ്റോറിയൽ

### സ്വർഗ്ഗത്തിലേക്കുള്ള വഴി

ഉത്തരവാദിത്തങ്ങൾ ശരിയായി നിർവ്വഹിക്കുന്നവരെയാണ് ദൈവം പലപ്പോഴും വലിയ ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കുന്നത്. യിസ്രായേൽ ജനത്തിനു ഒരു പ്രവാചകനായി ആമോസിനെ ദൈവം തെരഞ്ഞെടുക്കുമ്പോൾ ആമോസ് വെറുമൊരു ആട്ടിടയൻ മാത്രമായിരുന്നു. അതുകൊണ്ടാണ് ആമോസ് അമസ്യാവോടു "ഞാൻ പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല, ഇടയനും കാട്ടത്തിപ്പഴം പെറുക്കുന്നവനുമത്രെ" എന്നുപറയുന്നത് (ആമോസ്7:14). ആടുകളുടെ കാവൽക്കാരനായിരുന്ന ആമോസിനെ ദൈവം തന്റെ ജനമായ യിസ്രായേൽ മക്കളുടെ കാവൽക്കാരനാക്കാൻ തെരഞ്ഞെടുക്കുകയായിരുന്നു.

വിക്കനായിരുന്ന മോശയെ ദൈവം തെരഞ്ഞെടുത്തതും നാം വായിച്ചിട്ടുണ്ടല്ലോ. "ഞാൻ നിന്റെ വായോടുകൂടെയിരുന്നു നീ സംസാരിക്കേണ്ടതു നിനക്കു ഉപദേശിച്ചുതരും" (പുറപ്പാട്4:12). ഈ തെരഞ്ഞെടുപ്പ് കാണിക്കുന്നതു ദൈവത്തോടുകൂടെ ഏതു ബലഹീനനും നിർണ്ണായകമായ പ്രവർത്തികൾ ചെയ്യാൻ സാധിക്കുമെന്നാണ്.

യേശുക്രിസ്തു തന്റെ ലോകജീവിതക്കാലത്തു കൂടെ പ്രവർത്തിക്കുവാൻ ശിഷ്യന്മാരെ തെരഞ്ഞെടുത്തതും സാധാരണക്കാരിൽ നിന്നായിരുന്നുവല്ലോ. അവരെല്ലാവരും തന്നെ കഠിനാദ്ധ്വാനികളും, ഗുരുവിനെ പൂർണ്ണമായും അനുസരിക്കുകയും, ഗുരുവിനു വേണ്ടി എന്ത് കഷ്ടങ്ങളും സഹിക്കുവാൻ സന്നദ്ധരുമായിരുന്നു.ക്രിസ്തുവിനോടുകൂടെ ചേർന്നുള്ള ഒരു ലാഭമോഹമായിരുന്നില്ല അവരുടെ മനസ്സിലേത്. എന്നാലോ, ഗുരുവിനുവേണ്ടി കഷ്ടതകൾ അനുഭവിക്കേണ്ടിവരുമെന്ന്. അറിഞ്ഞുകൊണ്ടുതന്നെയാണ് അവർ ശിഷ്യന്മാരുടെ പദവിയിലേക്കു ആകർഷിക്കപ്പെട്ടത്.

ലോകനന്മക്കായി ജീവിക്കണമെന്നുള്ളതായിരുന്നല്ലോ യേശുക്രിസ്തുവിന്റെ ഏറ്റവും പ്രധാന ഉപദേശം. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്ക എന്നതാണ് ഏറ്റവും വലിയ കൽപ്പന എന്നു പറയുന്നതിന്റെ അർത്ഥമിതാണല്ലോ. ഒരിക്കൽ ഒരു സന്യാസി തന്റെ ശിഷ്യന്മാരെ അടുക്കൽ വിളിച്ചു സ്വർഗ്ഗത്തിലേക്കുള്ള ദൂരം എത്രയാണെന്നു ചോദിച്ചു. ഒരാൾ പറഞ്ഞു നീലാകാശത്തോളം ദൂരമുണ്ട്, അതിനു തൊട്ടപ്പുറത്തു സ്വർഗ്ഗം സ്ഥിതിചെയ്യുന്നു. തൃപ്തി വരാതെ അടുത്ത ശിഷ്യനോട് ചോദ്യം ആവർത്തിച്ചു. അയാൾ പറഞ്ഞത് അടുത്ത കുന്നിൻ പുറത്തുള്ള ക്ഷേത്രത്തിലേക്കുള്ള ദൂരമാണ് സ്വർഗ്ഗത്തിലേക്കെന്നാണ്. അതിലും ശരി കാണാതെ അടുത്തയാളോട് തിരക്കി.അയാൾ അടുത്തു നിന്ന ശിഷ്യന്റെ തോളിൽ കൈയ്യിട്ടു അയാളുടെ

(ശേഷം 4-ാം പേജിൽ)

## ഇടയ ലേഖനം

### കൊല ചെയ്യരുത്

**ഡോ. യാക്കോബ് മാർ ഐറിനിയോസ് മെത്രാപ്പോലീത്ത**



"എന്റെ വിശുദ്ധപർവ്വതത്തിൽ എങ്ങും ഒരുദോഷമോ നാശമോ ആരും ചെയ്കയില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു" (യെശ :65 :25 ).

തന്റേതുതന്നെയോ, മറ്റൊരാളിന്റേയോ ജീവനെടുക്കാൻ ആർക്കും അവകാശമില്ല. ദൈവകൽപ്പന ലംഘനം നടത്തി, സ്നേഹത്തിനു പുറം തിരിഞ്ഞുനിന്നു മനുഷ്യന്റെ തലമുറയിൽ ആദ്യത്തെ കൊലപാതകം അരങ്ങേറി. സ്വസഹോദരന്റെ കൊലക്കത്തിക്ക് ഹാബേൽ ഇരയായി. ഹിംസ ദൈവം സൃഷ്ടിച്ചതല്ലെങ്കിലും, "കായീന്യ" അധർമ്മം മൂലം അതു സൃഷ്ടിയിൽ കൂടിയേറി. തന്റെ ഹിതത്തിനോ, ആഗ്രഹങ്ങൾക്കോ വിലങ്ങുതടിയായതിനെ ഇല്ലാതാക്കുന്ന ക്രൂരതയാണത്. ഈ ദുഷ്കൃത്യം കൊണ്ട്, കൊലയാളിയുടെ ഗൂഢോദ്ദേശം സാധിക്കുന്നില്ല എന്നത് കേവലം പരമാർത്ഥം മാത്രം. രാജ്യം ഭരിക്കുന്ന രാജാവായ ലിയറെ വകവരുത്തി, പകരം സിംഹാസനത്തിൽ കയറിയിരുന്ന ഡങ്കൻ, അവിടെ ഉറച്ചിരിക്കാനാവാതെ തളർന്നു. തിന്മയ്ക്കു അസ്ഥിത്വമില്ലെന്നും, കൊലപാതകം ഒന്നിനും പരിഹാരമാകുന്നില്ലെന്നും പകൽ പോലെ വ്യക്തം.

വടക്കൻ കേരളത്തിൽ, പരസ്പരം ഹനിക്കുന്നത് എന്തിന്റെ പേരിലായാലും ന്യായീകരണമില്ലാത്ത ക്രൂരതയാണ്. ഹിംസയുടെ അലകൾ അടങ്ങാതെ മനുഷ്യഹൃദയവും, സമൂഹവും സ്വസ്ഥമാവില്ല. യശയ്യാവ് അവതരിപ്പിക്കുന്ന ദൈവിക വെളിപ്പാട് ആ വഴിക്ക് വിരൽ ചൂണ്ടുന്നു. ദൈവനിയോഗങ്ങൾക്കു മുമ്പിൽ മനുഷ്യൻ തലകുനിക്കുമ്പോൾ വ്യക്തിബന്ധങ്ങളിലും, സമൂഹത്തിലും സമാധാനം പ്രകാശിതമാകുന്നു. നേരിട്ടു കൊല നടത്തി, അഴിക്കകത്താകാതിരിക്കാൻ "വാടക" കൊലയാളികൾക്ക് പ്രതിഫലം കൊടുത്തു സംഘടിപ്പിക്കുന്നത് ഒടുങ്ങാത്ത തിന്മതന്നെയാണ്. രോഗികളെ രക്ഷപ്പെടുത്താൻ വൈദ്യശാസ്ത്രം പാടുപ്പെടുമ്പോൾ, ഉറുമ്പിനെ ചവിട്ടിയരക്കുന്നതുപോലെ, പച്ചജീവനെ നുറുക്കുന്നതു സമൂഹജീവിതത്തിനു വിരുദ്ധമാണ്. അവരുടെ രക്തം ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തോട് നിലവിളിക്കുന്നു.

ഏകാധിപത്യം ഇന്ന് പരക്കെ അപലപിക്കപ്പെടുന്ന ഒന്നാണ്. അതിൽ ചോദിക്കാനും, പറയാനും ആളില്ലാത്തതിനാൽ കൊലപാതകങ്ങൾ ഇഷ്ടം പോലെ നിർവ്വഹിക്കപ്പെടുന്നു. എന്നാൽ, ജനാധിപത്യ വ്യവസ്ഥിതി നിലനിൽക്കെ, തങ്ങളുടെ രാഷ്ട്രീയ ലാഭത്തിനായി, മിക്കവാറും, നിരപരാധികളെ കൊലക്കത്തിക്കിരയാക്കുന്നത് ഒരു തരത്തിലും, ജനാധിപത്യത്തെ വളർത്തുകയില്ല. ജീവന്റെ വില, ഈശ്വരൻ കൊലപാതകിയോടു ചോദിക്കതന്നെ ചെയ്യും.

സഭാജീവിതരംഗത്തും, തങ്ങളുടെ ആശയങ്ങൾക്കു മേൽക്കൈ

(ശേഷം 4-ാം പേജിൽ)

## വികാരിയുടെ കത്ത്

# നന്മകളുടെ പൂക്കാലം നോമ്പ് കാലം

ഫാ. സൈമൺ ജോസഫ്

ദേഹശുദ്ധി വരുത്തി, മോടിയുള്ള വസ്ത്രം അണിഞ്ഞു, സുഗന്ധവർഗ്ഗം പൂശി വരുന്ന ഒരാളെ നോക്കി നാം പറയും നീ നന്നായി ഒരുങ്ങിയിട്ടുണ്ടല്ലോ. നന്നായിട്ടുണ്ട് കാണാൻ. നല്ല ഭംഗിയുണ്ട്.

നോമ്പ് എന്നത് ഒരു ഒരുക്കകാലം ആണ്. നന്നാവാൻ ഉള്ള കാലം തന്നെ. വചന പഠനം, ആരാധന സംബന്ധം, പ്രാർത്ഥന, കുമ്പിട്ട് നമസ്കാരം, ഉപവാസം ഈവിധ ആത്മീക അനുഷ്ഠാനങ്ങളിലെ പങ്കാളിത്തം കൊണ്ടുദ്ദേശിക്കുന്നത് ആത്മശരീര മനസ്സുകളുടെ പുതുക്കവും നിയന്ത്രണവും തന്നെ.

ഇത്തരുണത്തിൽ ചില ഉപേക്ഷണങ്ങളും, ചില സ്വീകരണങ്ങളും അനിവാര്യം ആണ്. നന്മയായതിനെ സ്വീകരിക്കണം, മുറുകെ പിടിക്കണം. തിന്മയായതിനെ ഉപേക്ഷിക്കണം, കൈവെടിയണം.

ഈ നവീനയുഗത്തിൽ നോമ്പിൽ നമുക്ക് ഏറ്റവും ഇഷ്ടമായതിനെ ഉപേക്ഷിക്കുന്നത് നല്ലതെന്ന ചിന്ത രൂപപ്പെട്ട് വരുന്നുണ്ട്. നമ്മുടെ ഇഷ്ടത്തിനും, അനിഷ്ടത്തിനും അല്ല, ദൈവേഷ്ടത്തിന് അനുകൂലം ആവണം എന്നതാണ് പ്രധാന കാര്യം. യെശയ്യാ പ്രവചനപുസ്തകത്തിൽ തെളിവായി പറയുന്നത് കാണാം തിന്മ ചെയ്യുന്നത് മതിയാക്കുവിൻ, നന്മ ചെയ്യാൻ പഠിപ്പിൻ

പരിശുദ്ധ പൗലോസ് ശ്ലീഹാ മനോഹരമായി പറഞ്ഞുവയ്ക്കുന്നു. ക്രിസ്തുവിനെ ധരിക്കുക കിസ്തു ശിഷ്യത്തിന്റെ ധർമ്മവും, മർമ്മവും കൈമോശം വന്നവരാണോ നമ്മൾ എന്നു ചിന്തിക്കേണ്ട സമയം സമാഗതമായിരിക്കുന്നു.

നോമ്പ് നമ്മുടെ മനുഷ്യ പ്രകൃതത്തെ ദൈവസ്വഭാവത്തോട് ഏകീഭവിക്കുന്നത് ആവണം. നിങ്ങളിൽ പാപം ഇല്ലാത്തവൻ കല്ലെറിയട്ടെ .നമ്മുടെ വിരൽതുമ്പിൽ നാം പ്രതികൂട്ടിൽ നിറുത്തിയവരുടെ എണ്ണം എണ്ണാവുന്നതിലും അധികം അല്ലേ. ഞാൻ ഇവനെ പോലെ അല്ലാ എന്ന് വീമ്പിളക്കുന്ന പരീശര്യ മനോഭാവം നമ്മിൽ മുന്നിട്ടു നിക്കുന്നില്ലേ. ഞാൻ എന്റെ സഹോദരന്റെ കാവൽ ആളോ എന്ന് ചോദിക്കുന്ന സ്വാർത്ഥ ജഡിലമായ കായീന്യ ചിന്ത നമ്മെ ഭരിക്കുന്നില്ലേ .

നോമ്പ് ക്രൂശിൽ വിരചിതമായ ദൈവസ്നേഹം,ക്ഷമ, കരുണ, വിടുതൽ എന്നിവയെ പുൽകുന്നത് ആവണം. നോമ്പ് തൃപ്തിയെ വരുത്തുന്നതാവണം.

ഹഗ്ഗായി പ്രവചന പുസ്തകത്തിൽ പറയുന്നുണ്ട്. എത്ര ഉടുപ്പിട്ടിട്ടും കുളിരു മാറാത്ത അവസ്ഥ. എത്ര നിക്ഷേപിച്ചിട്ടും സുരക്ഷിതത്വം ഇല്ലാത്ത അവസ്ഥ. ഇത് നമ്മുടെ തന്നെ അനുഭവ വിവരണം ആയി കാണാം. മതി എന്ന് പറയാൻ കഴിയാത്ത, തൃപ്തി ഇല്ലാത്ത, മതി വരാത്ത അവസ്ഥ.



മാർത്തയും, മറിയയും ആയുള്ള സംവാദത്തിൽ എത്ര മനോഹരമായി ക്രിസ്തു പറഞ്ഞു വയ്ക്കുന്നു. നീ പലതിനെ ചൊല്ലി വിചാരപ്പെട്ടിരിക്കുന്നു. അൽപ്പം മതി മറിയം നല്ല അംശം തെരഞ്ഞെടുത്തിരിക്കുന്നു. ഈ നോമ്പ് നല്ല അംശം തെരഞ്ഞെടുക്കുന്ന തൃപ്തിയുടേതായി പരിണമിക്കണം. ഈ നോമ്പ് നിരപ്പിനെ പുല്കുന്നതാവണം.

ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയ മനുഷ്യൻ ഭാഗ്യവാൻ. ഇതാണ് വി.കുമ്പസാരം എന്ന കൂദാശയിൽ കൂടി ലഭ്യമാകുന്ന പാപ ക്ഷമയുടെ അനുഭവം. പാരമ്പര്യത്തിന്റെ ചിറകിൽ ഏറി അനുതാപവും പാപബോധം ഇല്ലാതെ യാന്ത്രികമായി നടത്തുന്ന ആണ്ട് കുമ്പസാരം എന്ന പ്രകടനം പാപത്തിൽ തഴമ്പിക്കുന്നതിന് കാരണം ആകുന്നു.

സത്യ അനുതാപത്തോടും, പാപബോധത്തോടും, ദൈവ സാന്നിധ്യ ബോധം ഉൾക്കൊണ്ടും, പാപക്ഷമ ലഭ്യമാകും എന്ന ഉറപ്പോടും ദൈവസന്നിധിയിൽ തല വണങ്ങണം.

പാപിനി സ്ത്രീ തന്റെ കണ്ണുനീര് കൊണ്ട് ക്രിസ്തുവിന്റെ പാദം കഴുകിയപ്പോൾ അവളുടെ ഏറിയ പാപം പരിഹൃദമായതു പോലെ ഒരു തുള്ളി കണ്ണുനീർ ക്രിസ്തു പാദത്തിൽ വീഴ്ത്തിയാൽ വെണ്മ നമ്മെ തഴുകി ഉണർത്തും.

നമ്മുടെ മനസ്സ് ഒരു കോളാമ്പിയാക്കരുത്. ഒരു പൂ കോട്ടയാക്കുക. പിണക്കം, കുശുമ്പ്, വിദ്വേഷം മാറട്ടെ. ക്ഷമയും, സ്നേഹവും, ദയാവായ്പും അവിടെ വിടരട്ടെ. എന്നെ കണ്ടവൻ എന്റെ പിതാവിനെ കണ്ടിരിക്കുന്നു എന്ന ക്രിസ്തു സാക്ഷ്യം നമ്മിൽ നിറവേറ്റാൻ ഈ പരിവർത്തനകാലം നമുക്ക് ഇടയാക്കട്ടെ. ■

## നിര്യാതരായി



**സെ**ൻറ് ബെനഡിക്ട് റോഡ് പുലിക്കോട്ടിൽ **ഡോ.പി.യു.ബേബി** (68 ) 02-02-2018 ൽ നിര്യാതനായി. 03-02-2018 ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.



**പാ**ലച്ചുവട് പാറേട്ട് **പി.എം.ഫിലിപ്പ്** (86 ) 08-02-2018 ൽ നിര്യാതനായി.09-02-2018 ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.



**തേ**വര പൂവ്വത്തൂർ **ഡോ. പി.സി. അലക്സാണ്ടർ** (57) 13-02-2018 ൽ നിര്യാതനായി. 14-02-2018 ൽ തേവര സെൻറ് തോമസ്സ് പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

## മാമോദീസ



**കൊ**ച്ചി പനമ്പിള്ളിനഗർ G-6 ൽ മൂലേപ്പാട്ട് ഡോ.വിനയ് വർഗ്ഗിസ്സ് തോമസ്സിന്റെയും, ഡോ.ബെറ്റ്സി ആനികോശിയുടെയും മക്കൾ **ടെസ്സ മറിയം വിനയ്**യും, **ടാനിയ സാറ വിനയ്**യും 04-02-2018 ൽ മാമോദീസാ സ്വീകരിച്ചു.പരിശുദ്ധ ബസ്സേലിയോസ് മാർ തോമ പൗലൂസ് ദ്വിതിയൻ കാതോലിക്ക ബാവ കാർമീകത്വം വഹിച്ചു.

**തൈ**ക്കൂടം പുള്ളോലിക്കൽ ശ്രീ.സുസ്മിത് വർക്കി തോമസിന്റെയും ശ്രീമതി.അനീഷ മറിയം ഫിലിപ്പിന്റെയും മകൻ **തോമസ്സ്** (Zach Thomas Varkey ) 03-02-2018 ൽ മാമോദീസാ സ്വീകരിച്ചു.

**എ**റണാകുളം സൗത്ത് മാഞ്ഞുവെളിയിൽ ശ്രീ.സന്തോഷ് പ്രകാശിന്റെയും ശ്രീമതി രമ്യാ ജോസിന്റെയും മകൻ **യോഹന്നാൻ** (Santoniyo Jose ) 08-02-2018 ൽ മാമോദീസാ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*





എറണാകുളം ഓർത്തഡോക്സ് ഗോസ്പൽ കൺവെൻഷൻ

# മെൽത്തൊ 2018

ഫെബ്രുവരി 23,24,25 എന്നീ തീയതികളിൽനടന്നു.














**എ**റണാകുളം പട്ടണത്തിലെ ഓർത്തോഡോക്സ് ദേവാലയങ്ങളിലെ വിശ്വാസികളുടെ പൊതു കൂട്ടാഴ്മയുടെ ആഭിമുഖ്യത്തിൽ 9-ാമത് കൺവെൻഷൻ 2018 ഫെബ്രുവരി 23,24,25 വെള്ളി, ശനി, ഞായർ ദിനങ്ങളിൽ അഭിവന്ദ്യ ഡോ.യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ അനുഗ്രഹകരമായി നടത്തപ്പെട്ടു. പരിശുദ്ധ കാതോലിക്കാ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതിയൻ ബാവായും യൂഹാനോൻ മാർ പോളിക്കാർപ്പോസ് തിരുമേനിയും അനുഗ്രഹ സന്ദേശം നൽകി. പ്രമുഖകൺവെൻഷൻ പ്രസംഗകരായ മോഹൻ ജോസഫ്, സജി അമയിൽ, എ.പി.മർക്കോസ് എന്നീ വൈദീകർ പ്രസംഗിച്ചു. കുടുംബസംഗമത്തിൽ പ്രൊഫസർ പ്രിയ ജേക്കബും , യുവജനസംഗമത്തിൽ പ്രൊഫസർ ഡോ.വർഗീസ് മാത്യുവും ക്ലാസ് നയിച്ചു. ജനപങ്കാളിത്തം കൊണ്ടു കൺവെൻഷൻ അനുഗ്രഹ മായിരുന്നു.സമാപനദിന സ്തോത്രകാഴ്ച്ച രണ്ടുലക്ഷത്തി പതിനായിരം രൂപ വി.ഹന്നാ വൃദ്ധ മന്ദിരത്തിന് നൽകുക ഉണ്ടായി. ■

## വിശേഷ ദിവസങ്ങൾ

മാർച്ച്

| | | |
|---|---|---|
| 7 | ബുധൻ | പാതിനോമ്പ് |
| 11 | ഞായർ | ക്ഫിഫ്തോ ഞായർ (കൂനിയേ സൗഖ്യമാക്കിയ ഞായർ ) |
| 18 | ഞായർ | സമിയോ ഞായർ (കുരുടനെ സൗഖ്യമാക്കിയ ഞായർ) മലങ്കര ഓർത്തോഡോക്സ് സഭാ ദിനം, കാതോലിക്കാ ദിനം . |
| 23 | വെള്ളി | നാൽപതാം വെള്ളിയാഴ്ച്ച |
| 25 | ഞായർ | ഓശാന ഞായറാഴ്ച ദൈവമാതാവിനോടുള്ള വചനിപ്പ് പെരുന്നാൾ (സുബോറോ ) |
| 30 | വെള്ളി | ദുഃഖവെള്ളിയാഴ്ച്ച (വലിയ വെള്ളിയാഴ്ച്ച) |
| 31 | ശനി | ദുഃഖ ശനിയാഴ്ച്ച എളംകുളം ചാപ്പലിൽ രാവിലെ 7.30 ന് കത്തീഡ്രലിൽ 11.00 ന് കുർബ്ബാന (അറിയിപ്പിന്റെ ശനി ) |

ഏപ്രിൽ

| | | |
|---|---|---|
| 01 | ഞായർ | ഉയിർപ്പ് പെരുന്നാൾ....ഈസ്റ്റർ |

## വിവാഹം

**ച**ർച്ച് ലാൻഡിങ് ക്രോസ് റോഡ് പഴയിടത്ത് Dr.Shery Issac ന്റെയും Dr.Pushpa Issac ന്റെയും മകൻ **Issac** ക്കും ചേപ്പാട് എവരത്ത് കിഴക്കേതിൽ സാംമാത്യുവിന്റെയും മേരിമാത്യുവിന്റെയും മകൾ **Anna**യും തമ്മിലുള്ള വിവാഹം ഫെബ്രു. 4-ാം തീയ്യതി പരിശുദ്ധ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ കത്തീഡ്രലിൽ നടന്നു .

*വധുവരന്മാർക്ക് മംഗളാശംസകൾ*

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Mar. 11 - 07.00 am, Mar. 18 - 10.00 am, Mar. 25 - 07.00 am |
| സെമിത്തേരിമുക്ക് ചാപ്പൽ: | Mar. 18 -07.30 am |

**എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am**

## പ്രത്യേക പരിപാടികൾ

1) 9-ാം തീയ്യതി പ്രതിമാസ ധ്യാനം രാവിലെ 10 മുതൽ 12.30 വരെ നടത്തപ്പെടും.

2) കത്തീഡ്രലിൽ 11-03-2018ന് രാവിലെ 11 മുതൽ 12.30 വരെ പതിമൂന്ന് വയസ്സിന് മുകളിലുള്ളവർക്കു വേണ്ടി Spiritualtiy & Moral Guidance നെ സംബന്ധിച്ച ക്ലാസ്സ് നടത്തുന്നു. ക്ലാസ് നയിക്കുന്നത് Fr. Renju P. Koshy യാണ്. താൽപ്പര്യമുള്ളവർ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

3) ഇടവകയുടെ ത്രിദിന കൺവെൻഷൻ 16,17,18 തീയ്യതികളിൽ. **16 വെള്ളി 7** pm: സുവിശേഷ പ്രസംഗം by Mrs. Merlin T.Mathew, Puthenkavu. **17 ശനി 7** pm: സുവിശേഷ പ്രസംഗം by Very.Rev.Bezalel Ramban, Basil Dayara, Pathanamthitta.**18 ഞായർ 7** pm: സുവിശേഷ പ്രസംഗം by Mr.P.J.Jacob ,Kattanam.